ദേശാഭിമാനി 23 February 2023

# മത്സ്യഡോക്ടർമാരെ നിയമിക്കണം: ശിൽപ്പശാല

**കൊച്ചി**

മത്സ്യമേഖലയിൽ ആന്റിബയോട്ടിക് ഉൾപ്പെടെയുള്ള രാസപദാർഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് മത്സ്യഡോക്ടർമാരെ നിയമിക്കണമെന്ന് ശിൽപ്പശാല.

യുകെ സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എൻവയൺമെന്റ്, ഫുഡ് ആൻഡ് റൂറൽ അഫയേഴ്സും (സിഫാസ്) കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സിഎംഎഫ്ആർഐ) ചേർന്ന് സംഘടിപ്പിച്ച വൺ ഹെൽത്ത് അക്വാകൾച്ചർ ഇന്ത്യ ശിൽപ്പശാലയിലാണ് ഈ നിർദേശം.

മീനിന്റെയും മീൻ കഴിക്കുന്നവരുടെയും ആരോഗ്യസംരക്ഷണത്തിനും മത്സ്യഡോക്ടറുടെ സേവനം സഹായകരമാകുമെന്ന് ശിൽപ്പശാലയിൽ പ്രബന്ധമവതരിപ്പിച്ച സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി രാമചന്ദ്രൻ പറഞ്ഞു.

ഇന്ത്യയിലെ അക്വാകൾച്ചർ (ജലകൃഷി) മേഖലയിൽ സമഗ്ര ആരോഗ്യസമീപനംകൊണ്ടുവരുന്നതിന് ഇന്തോ–യുകെ ഗവേഷണ സഹകരണം വേണമെന്നും ശിൽപ്പശാല നിർദേശിച്ചു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, ബ്രിട്ടീഷ് ഹൈകമീഷനിലെ സാലി ടെയ്‌ലർ തുടങ്ങിയവർ സംസാരിച്ചു.

ഇരുരാജ്യങ്ങളിൽനിന്നുമായി അമ്പതോളം ശാസ്ത്രജ്ഞർ പങ്കെടുത്തു. ഡോ. പി കെ പാണ്ഡെ, ഡോ. പി കൃഷ്ണൻ, പ്രൊഫ. ഡേവിഡ് ബാസ്, ഡോ. ടോംസ് സി ജോസഫ് എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.